# ചരിത്ര വ്യക്തികൾ എന്നിലൂടെ... ബാലസഭാ കൂട്ടുകാർക്കായി ഒരു ഫ്രണ്ട്ഷിപ്പ് മാച്ച്

ഇടുക്കി ജില്ലയിൽ ബാലസഭാ കുട്ടികൾക്കായി ചരിത്ര വ്യക്തികൾ എന്നിലൂടെ എന്ന സൗഹൃദ മത്സരമൊരുക്കി കുടുംബശ്രീ ജില്ലാമിഷൻ. കോവിഡ് കാലത്തെ വിരസത അകറ്റുന്നതിനും  മാനസിക സമ്മർദ്ദത്തെ അതിജീവിക്കുന്നതിനും ക്രിയാത്മകമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും വേണ്ടിയാണ് ജില്ലാമിഷൻ ഇത്തരമൊരു മത്സരം സംഘടിപ്പിച്ചത്.

മികച്ച മാനവികത ഉയർത്തിപ്പിടിച്ചവരും മാതൃകാപരവും ധീരവും ത്യാഗോജ്ജ്വലവുമായ ജീവിതം കൊണ്ട് ചരിത്രത്തിന്റെ  ഭാഗമായവരുമായ വ്യക്തികൾ എന്നിവരുടെ ജീവിതം കൊണ്ട് ലോകത്തിനു നൽകിയ സന്ദേശം ഉയർത്തിക്കാട്ടുക എന്നതായിരുന്നു മത്സര വിഷയം. ഇതിനായി തങ്ങൾ അനുകരിക്കാൻ ഉദ്ദേശിക്കുന്ന വ്യക്തികളുടെ വേഷം, ഭാവം, എന്നിവ കൂടാതെ ചരിത്രപുരുഷൻമാരായ ഈ വ്യക്തികളെ കുറിച്ചോർക്കുമ്പോൾ നമ്മുടെ മനസിലേക്ക് കടന്നു വരുന്ന സന്ദേശം എന്താണോ അതാണ്  മത്സരത്തിൽ പങ്കെടുത്ത ബാലസഭാ കുട്ടികൾ അവതരിപ്പിക്കേണ്ടിയിരുന്നത്. 27 മുതൽ 29 വരെയായിരുന്നു മത്സരം.

മരിച്ചു പോയ വ്യക്തികളെ മാത്രമേ അനുകരിക്കാൻ പാടുള്ളൂ എന്നായിരുന്നു നിബന്ധന. മഹാത്മാഗാന്ധി, മദർ തെരേസ, മാധവിക്കുട്ടി, നിപ്പയ്ക്കെതിരെ പോരാടി മരണം വരിച്ച സിസ്റ്റർ ലിനി, സ്വാതന്ത്ര്യ സമര രാഷ്ട്രീയ സാമൂഹിക സാംസ്കാരിക, കായിക മണ്ഡലങ്ങളിൽ വിഹരിച്ചിരുന്നവരുമായ പ്രശസ്ത വ്യക്തികളെയാണ് കുട്ടികൾ അനുകരിച്ചത്. സാമൂഹിക പരിഷ്ക്കർത്താക്കൾ, ശാസ്ത്രജ്ഞർ, രാജ്യത്തിനായി ജീവൻ ബലി കഴിച്ചവർ എന്നിങ്ങനെ വിവിധ മേഖലകളിലുള്ളവരെ അനുകരിക്കുന്ന മൂന്നു മിനിറ്റ് ദൈർഘ്യമുള്ള വീഡിയോ മത്സരാർത്ഥികൾ സംഘാടകർക്ക് അയച്ചു കൊടുത്തിട്ടുണ്ട്. രണ്ടു ദിവസം കൊണ്ട് നൂറിലേറെ കുട്ടികളാണ് മത്സരത്തിൽ പങ്കെടുത്തത്.